യോഗ്യതാനുസരണവുമാണ് കൊടുക്കുന്നതു്. അതുകൊണ്ടു പബ്ലിക്കു് പരീക്ഷകളിൽ ഫ-ാം ക്ലാസ്സായി പാസ്സായിട്ടുള്ള എല്ലാ അധഃകൃത വിദ്യാത്ഥികൾക്കും സ്റ്റൈപ്പെൻറു കൊടുക്കുമോ എന്നു പറയുവാൻ നിവൃത്തിയില്ല.

മിസ്റ്റർ പി. കെ. കൃഷ്ണൻ : അധഃകൃതവിദ്യാത്ഥികൾക്കു സ്റ്റൈപ്പെൻറു കൊടുക്കുന്നതിനു് എന്തെല്ലാം യോഗ്യതകളാണു് വേണ്ടതു്?

ഡോക്ടർ എ. ആർ. മേനോൻ : അധഃകൃതരിൽ പല സെക്ഷനുമുണ്ടു്. പറയർ, പുലയർ, പെരുമർ എന്നിങ്ങനെ പല വർഗ്ഗക്കാരുമുണ്ടു്. ഈ പല വിഭാഗങ്ങളിൽ കൂടുതൽ മാക്കു കിട്ടീട്ടുള്ള വിഭാഗത്തിനു സ്റ്റൈപ്പൻറു കൊടുക്കും.

DEPRESSED CLASS PUPILS IN ROYAL HOMEO COLLEGE—STIPENDS FOR

330. മിസ്റ്റർ പി. കെ. കൃഷ്ണൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവൺമെണ്ടു് ദയവായി മറുപടി പറയുമോ.—

(എ) എറണാകുളം റോയൽ ഹോമിയൊ കോളേജിൽ എത്ര അധഃകൃത കുട്ടികൾ പഠിക്കുന്നുണ്ടു്;

(ബി) അവരിൽ എത്ര കുട്ടികൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നു സ്റ്റൈപ്പൻറു് കൊടുക്കുന്നുണ്ടു് ;

(സി) പുസ്തകങ്ങൾ എത്ര കുട്ടികൾക്കു കൊടുത്തിട്ടുണ്ടു് ?

ഡോക്ടർ എ. ആർ. മേനോൻ :

(എ) നാലു്.

(ബി) രണ്ടുപേർക്കു്.

(സി) ഒരു കുട്ടിക്കു്.

മിസ്റ്റർ പി. കെ. കൃഷ്ണൻ : ഈ നാലു കുട്ടികളും പഠിക്കുന്നവരാണൊ?

ഡോക്ടർ എ. ആർ. മേനോൻ : അതെ.

DEPRESSED CLASS CONVERTS—CONCESSIONS—WITHDRAWAL OF

331. Mr. C. V. Iyyu *(Kunnamkulam):* Will Government be pleased to state.—

(*a*) whether Government were giving educational concessions to the depressed class converts; and

(*b*) till what date and for how many years they were giving them those concessions;

(*c*) whether those concessions have now been partly or wholly withdrawn ?

Dr. A. R. Menon *(Minister for Rural Development) :*

(*a*) Yes.

LIBRARY ARCHIVES Kerala Legislative Assembly